## തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## (ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്)

### ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ : ശ്രീ. ജോൺസൺ. കെ)

വിഷയം : തസ്വഭവ (LID & EW) - ജീവനക്കാര്യം - സീനിയർ ക്ലർക്ക് തസ്തികയിലെ സ്ഥാനക്കയറ്റം - സ്ഥാനക്കയറ്റം റിലിൻകിഷ് ചെയ്ത് ഉത്തരവാകുന്നു.

പരാമർശം : 1) ഈ കാര്യാലയത്തിലെ 11.11.2021-ലെ എ1-1001/13/സിഇ/തസ്വഭവ (Vol. IV) നമ്പർ ഉത്തരവ്

2) ആലപ്പുഴ ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ 15.11.2021-ലെ എ3/1254/20/ഇഇ/തസ്വഭവ/ആലപ്പുഴ നമ്പർ കത്ത്

3) ശ്രീ. മുഹമ്മദ് അഫ്സൽ കെ.എ, ക്ലർക്ക് (PEN 720210)-ന്റെ 12.11.2021-ലെ അപേക്ഷ

4) ജി.ഒ(പി)നം. 39/91/P&ARD തീയതി 07.12.2021

## ഉത്തരവ് നം. എ1-1001/13/സിഇ/തസ്വഭവ (Vol. IV) തീയതി 04.01.2022

ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ബ്ലോക്ക്പഞ്ചായത്തിന് കീഴിൽ തസ്വഭവ സെക്ഷൻ മാരാരിക്കുളം ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. മുഹമ്മദ് അഫ്സൽ കെ.എ-യ്ക്ക് പരാമർശം (1) ഉത്തരവ് പ്രകാരം സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി തസ്വഭവ ഏറ്റുമാനൂർ മുനിസിപ്പാലിറ്റിയിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ചിരുന്നു. എന്നാൽ വ്യക്തിപരമായ കാരണങ്ങളാൽ ടിയാന് നൽകിയ സ്ഥാനക്കയറ്റം 2 വർഷത്തേയ്ക്ക് താൽക്കാലികമായി റിലിൻകിഷ് ചെയ്യണമെന്നുള്ള പരാമർശം (2), (3) പ്രകാരമുള്ള ടിയാന്റെ അപേക്ഷ പരിഗണിച്ച് സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിൽ നിന്ന് ശ്രീ. മുഹമ്മദ് അഫ്സൽ കെ.എ-യെ ഒഴിവാക്കി KS & SSR ചട്ടം 38 ഭാഗം II-ന് വിധേയമായി പ്രസ്തുത കാലയളവിൽ സമയബന്ധിത ഹയർഗ്രേഡിന് പരിഗണിക്കില്ല എന്നുമുള്ള നിബന്ധനയോടെ ടിയാന്റെ സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം റിലിൻകിഷ് ചെയ്തും ടിയാനെ ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് മുനിസിപ്പാലിറ്റിയിലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ചും ഉത്തരവാകുന്നു.

ഒപ്പ്

**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

ശ്രീ. മുഹമ്മദ് അഫ്സൽ കെ.എ
സീനിയർ ക്ലർക്ക്
തസ്വഭവ സെക്ഷൻ മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്ത്
കഞ്ഞിക്കുഴി ബ്ലോക്ക്പഞ്ചായത്ത്, ആലപ്പുഴ.

പകർപ്പ് 1) എക്സി. എഞ്ചിനീയർ, തസ്വഭവ ഡിവിഷൻ, ആലപ്പുഴ (സേവനപുസ്തകത്തിൽ ടിയാന്റെ അപേക്ഷ പതിപ്പിക്കുകയും, മേൽ ഉത്തരവ് രേഖപ്പെടുത്തേണ്ടതുമാണ്)

2) അസി. എക്സി. എഞ്ചിനീയർ, തസ്വഭവ സബ്ഡിവിഷൻ കഞ്ഞിക്കുഴി

3) സീനിയോരിറ്റി സെക്ഷൻ (ബന്ധപ്പെട്ട സീനിയോരിറ്റി ലിസ്റ്റിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന്)

4) ബ്ലോക്ക് കരുതൽ ഫയൽ